**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.608 28.09.2011 ൽ മറുപടിക്ക്.**

## ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.എ. അസീസ്**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**<br>പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രികൾ എന്നിവിട ങ്ങളിലെ ഡോക്ടർമാരുടെ കുറവ് നികത്താൻ ഇതി നോടകം എന്ത് നടപടി സ്വീകരിച്ചു; | **എ)**<br>അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റ് (സ്പെഷ്യലിറ്റി കേഡർ) തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി മുഖേനയും അഡ്ഹോക്ക് നിയമനം വഴിയും മറ്റ് തസ്തികകൾ പ്രൊമോഷൻ മുഖേനയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ബി)**<br>സ്പെഷ്യാലിറ്റി കേഡറിൽ എത്രപേരെ ഇതിനോടകം നിയമിച്ചു; | **ബി)**<br>**1468** പേരെ നിയമിച്ചിട്ടുണ്ട്. |
| **സി)**<br>ശ്രീ. സി. കേശവന്റെ നാമധേയ ത്തിലുള്ള മയ്യനാട് ആശുപത്രി യിൽ കുറവുള്ള ഡോക്ടർ മാരുടെ ഒഴിവ് നികത്തുന്ന തിനും ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | **സി)**<br>മയ്യനാട് ആശുപത്രിയിൽ ഒരു സിവിൽ സർജന്റെയും നാല് അസിസ്റ്റന്റ് സർജന്റെയും തസ്തികകളാണുള്ളത്. ഈ അഞ്ച് തസ്തികകളിലും ഇപ്പോൾ ഡോക്ടർമാരുണ്ട്. എന്നാൽ ഇതിൽ രണ്ടു പേർ പ്രസവ അവധിയിലും ഒരാൾ പഠനകാര്യത്തിനുള്ള അവധിയിലുമാണ്. ഗൈനക്കോളജിസ്റ്റിന്റെ തസ്തിക ഈ ആശുപത്രിയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**